നമ്പർ ഡി 1/32057/12

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി :09-04-2013.

**സർക്കുലർ**

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഔദ്യോഗികഭാഷ സംബന്ധിച്ച (2011-14) - കത്തിടപാടുകൾ മലയാളത്തിലായിരിക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന:-
1. 04.02.2014ലെ സർക്കാർ കത്ത് നം. 34735/ഔ.ഭാ 3/13/ഉ. ഭ.പ.വ.
2. സർക്കാർ കത്ത് നം. 23657/ഔ.ഭ/3/13/ഉ.ഭ.പ.വ.
3. സ. ഉ (കയ്യെഴുത്ത്) നം.5/2014/ഉ.ഭ.പ.വ തീയതി 05-02-2014.

ഭരണരംഗത്തെ ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി രൂപീകരിച്ചതും ചീഫ്സെക്രട്ടറി അധ്യക്ഷനായി പുന.സംഘടിപ്പിച്ചതുമായ ഔദ്യോഗികഭാഷാ സംസ്ഥാനതല സമിതിയുടെ 25-10-13ന് നടത്തിയ മീറ്റിംഗിൽ സെക്രട്ടറിയേറ്റിലും ജില്ലാതലത്തിലും നടത്തുന്ന എല്ലായോഗങ്ങളുടേയും നടപടിക്കുറിപ്പ് മലയാളത്തിൽ തന്നെ രേഖപ്പെടുത്തണമെന്ന് തീരുമാനിയ്ക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയേറ്റിലും ജില്ലാതലത്തിലും നടത്തുന്ന എല്ലാ ഔദ്യോഗികയോഗങ്ങളുടേയം നടപടിക്കുറിപ്പ് നിർബന്ധമായും മലയാളത്തിൽ തന്നെ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

ഭരണത്തിന്റെ എല്ലാതലങ്ങളിലും ഔദ്യോഗികഭാഷ മലയാളമായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. എന്നാൽ സർക്കാർ നയം പൂർണ്ണമായും ലക്ഷ്യത്തിലെത്തിക്കാനുള്ള ശ്രമങ്ങളും നടപടികളും വേണ്ടത്ര ഗൗരവത്തോടെ പല ഓഫീസുകളും സ്വീകരിച്ചുകാണുന്നില്ല. നിയമപരമായി ഇംഗ്ലീഷ് ഉപയോഗിക്കേണ്ട സാഹചരയങ്ങളൊഴികെ മലയാളം ഔദ്യോഗികഭാഷയായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പുകൾ സ്ഥാപനങ്ങൾ എന്നിവയിലെ ഫയലുകൾ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നു.

ഭരണഭാഷാവർഷാഘോഷം 2013 നവംബർ 1 മുതൽ ഒക്ടോബർ 31വരെയായി ദീർഘിപ്പിച്ചിരിക്കുന്നു.

സാമുഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ സ്ഥാപനമേധാവികൾക്കും
സ്റ്റോക്ക്ഫയൽ

JBS/14